ഉത്തരം

(എ-സി) മറുപടി അനുബന്ധമായി ചേർക്കുന്നു*.

സംസ്ഥാന സംരംഭക വികസന മിഷൻ പദ്ധതി

135 (107) ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സംരംഭക വികസന മിഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വസ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ മഹത്തായ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളും ഉള്ള തൊഴിൽരഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യവ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്. 50000 യുവജനങ്ങൾക്ക് വിദഗ്ധ തൊഴിൽ പരിശീലനം നൽകി 10000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച് ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പുവരുത്തുന്ന ഒരു ബൃഹത് പദ്ധതിയാണ് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ.

ആഭ്യന്തര വളർച്ച, സമഗ്ര വികസനം, വ്യാവസായിക മുന്നേറ്റം, മൊത്തം ആഭ്യന്തര ഉല്പാദനത്തിലെ വളർച്ച, കൂടുതൽ സ്വയംപര്യാപ്തത, വൈദഗ്ധ്യ വികസനം, പ്രാദേശികമായ തൊഴിൽ ലഭ്യത, സംരംഭകത്വ വർദ്ധനവ്, വാണിജ്യ സംസ്കാര വികസനം, ആരോഗ്യപരമായ സാമൂഹികൈക്യം, സർവ്വോപരി വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്കിടയിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നവവ്യവസായികളാകാനുള്ള പുത്തൻ ഉണർവ് ഉണ്ടാക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. യുവതീയുവാക്കൾക്കിടയിൽ കാര്യപ്രാപ്തിയും ആത്മവിശ്വാസവും സംരംഭകത്വവും വളർത്തി, അഭ്യസ്തവിദ്യരായ ലക്ഷക്കണക്കിന് യുവാക്കളുടെ തൊഴിലില്ലായ്മയ്ക്ക് ക്രിയാത്മകമായ പരിഹാരം ഉണ്ടാക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന തലത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചെയർമാനും, ധന-വ്യവസായ, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സെക്രട്ടറിമാരും, നബാർഡ്, കെ.എഫ്.സി., പരിശീലന കേന്ദ്രങ്ങൾ, ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രതിനിധികളും ഉൾപ്പെടുന്ന ഒരു അപ്പെക്സ് കമ്മിറ്റി രൂപീകരിച്ച്, മിഷന്റെ പ്രവർത്തനം അവലോകനം ചെയ്യുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കെ.എഫ്.സി.-യിൽ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ പ്രതിനിധി, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ലീഡ് ബാങ്ക് മാനേജർ, വ്യവസായ പ്രതിനിധി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷൻ ഡയറക്ടർ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ചീഫ് മാനേജർ മുതലായവർ അടങ്ങിയ കമ്മിറ്റി എല്ലാ ജില്ലാകേന്ദ്രങ്ങളിലും വച്ച് അഭിമുഖം നടത്തുകയും, ഇതിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് രണ്ടാഴ്ച നീണ്ടുനിൽക്കുന്ന പരിശീലനം നൽകുകയും ചെയ്യുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പരമാവധി 20 ലക്ഷം രൂപ വരെ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ അനുവദിക്കും.

തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

136 (108) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂർ നിയോജക മണ്ഡലത്തിൽ ധനവകുപ്പ് മുഖാന്തിരം നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ കണക്കും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

പദ്ധതികൾ സംബന്ധിച്ചുള്ള അഭിപ്രായവും ധനാനുമതിയും മാത്രമാണ് ധനവകുപ്പ് ലഭ്യമാക്കുന്നത്. ധനകാര്യ വകുപ്പ് മുഖാന്തരം പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly